# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂവാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.718/ജി.പി.1/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 15/04/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.718/ജി.പി.1/2021

തീയ്യതി: 15/04/2021

## തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 18-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ആശ ജി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബിന്ദുലത, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രിയദർശിനി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അജിതകുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സന്തോഷ്കുമാർ റ്റി | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ. കൃഷ്ണകുമാർ | സെക്രട്ടറി | 16-07-2019 | 22-07-2019 |
| ശ്രീ. വി.ജി. ഗോപകുമാർ | സെക്രട്ടറി | 23-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശോഭന | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ. മഹേഷ് റ്റി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. | വെറ്റിനറി | 01-04-2019 | 09-08-2019 |

| | | | |
|---|---|---|---|
| ഗോപകുമാർ | സർജൻ | | |
| ശ്രീമതി. സോജ അഗസ്റ്റിൻ | വെറ്റിനറി സർജൻ | 10-08-2019 | 31-03-2020 |
| ശ്രീമതി. സ്മിത ഗോപാൽ എസ് | ഫിഷറീസ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സെലീന | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ. ജവഹർഎസ് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ. ഫെമിന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശിവാംബിക എസ് ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. അനുബാല | ഐ സിഡി എസ് സൂപ്പർവൈസ് | 01-04-2019 | 15-09-2019 |
| ശ്രീമതി.ശ്രീല | ഐ സിഡി എസ് സൂപ്പർവൈസ് | 16-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങളുടെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-1-1 |
| 3 | ബജറ്റിൽ വകയിരുത്തിയതിലധികം തുക ചെലവഴിച്ചു<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-1-2 |
| 4 | ബജറ്റ് പുതുക്കൽ- ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-2 |
| 6 | സാമ്പത്തിക നില<br>Written By: Asha G R (Senior Grade Auditor, On 11-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-6 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Priyadarshini.S.R (Auditor, On 08-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 10-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-9 |
| 13 | വസ്തു നികുതി - വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത<br>Written By: Priyadarshini.S.R (Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-10 |

| | | |
|---|---|---|
| 14 | 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിനുള്ളതുമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല<br>Written By: Priyadarshini.S.R (Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-11 |
| 15 | ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു<br>Written By: Priyadarshini.S.R (Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-12 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Priyadarshini.S.R (Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-13 |
| 17 | ഇ-ടെണ്ടർ പ്രവൃത്തിയുടെ ഫോറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.<br>Written By: Sosamma.S (Audit Officer, On 10-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-14 |
| 18 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Asha G R (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-15 |
| 19 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-16 |
| 20 | കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-17 |
| 21 | തനതു ചെലവുകൾക്കാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല 63700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-18 |
| 22 | അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-19 |
| 23 | നീക്കിയിരിപ്പായി അവശേഷിക്കുന്ന വിവിധ ഫണ്ടുകൾ.<br>Written By: BINDHULATHA BP (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-20 |
| 24 | അടങ്കൽ തുകയേക്കാൾ അധികം ചെലവ് ചെയ്തു. | 1-21 |

| | | |
|---|---|---|
| | Written By: Sosamma.S (Audit Officer, On 10-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | |
| 25 | പദ്ധതി രൂപീകരണ നിർവഹണ ചെലവുകൾ - വൌച്ചറുകൾ ലഭ്യമായില്ല – 10000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-22 |
| 26 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല- 696723/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-23 |
| 27 | സ്റ്റോക്ക് & സ്റ്റോർസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-24 |
| 28 | ലൈബ്രറി സെസ്സ്- ലൈബ്രറി കൗൺസിലിൽ തുക അടവാക്കിയിട്ടില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-25 |
| 29 | കാഷ് ബുക്ക് ചട്ടപ്രകാരം പരിപാലിച്ചിട്ടില്ല<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-26 |
| 30 | പാലിയേറ്റീവ് കെയർ - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-27 |
| 31 | രേഖകളും വിശദീകരണവും ലഭ്യമാക്കിയില്ല- 4,83,911/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 11-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-27-1 |
| 32 | മാർഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല- ഭക്ഷണച്ചെലവിന് കൂടുതൽ തുക അനുവദിച്ചു-23,255/- രൂപ നിരാകരിക്കുന്നു.<br>Written By: Asha G R (Senior Grade Auditor, On 11-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-27-2 |
| 33 | ചെലവുരേഖകൾ ഹാജരാക്കിയില്ല- 2,44,57,013/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-28 |
| 34 | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയില്ല. 204460/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-29 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി- | 1-30 |

| | | |
|---|---|---|
| | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Priyadarshini.S.R (Auditor, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | |
| 36 | സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Sosamma.S (Audit Officer, On 10-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-31 |
| 37 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരികെ അടവാക്കിയിട്ടില്ല.<br>Written By: Priyadarshini.S.R (Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-32 |
| 38 | ഇ.എം.എസ് വായ്പാ തുക അടവാക്കിയില്ല, ലോൺരജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 11-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-33 |
| 39 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം - പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 10-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-34 |
| 40 | ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കൽ - 1,83,459/- രൂപയുടെ അധികച്ചെലവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 11-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മാർഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല- ഭക്ഷണച്ചെലവിന് കൂടുതൽ തുക അനുവദിച്ചു- 23,255/- രൂപ നിരാകരിക്കുന്നു.<br>Written By: Asha G R (Senior Grade Auditor, On 07-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 3-1 |
| 2 | ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കൽ - 1,83,459/- രൂപയുടെ അധികച്ചെലവ്<br>Written By: Sosamma.S (Audit Officer, On 12-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| | Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: Sosamma.S (Audit Officer, On 11-04-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: Sosamma.S (Audit Officer, On 11-04-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 09-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sosamma.S (Audit Officer, On 11-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sosamma.S (Audit Officer, On 11-04-2021)<br>Last Updated By: K Sreeja (Deputy Director, On 15-04-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

2019-20 വർഷത്തേക്കുള്ള വാർഷിക ബജറ്റ് 15.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 13,26,76,355/- ഉം ചെലവ് 13,21,96,130/- ഉം ആണ്.

### 1-1-1 ബജറ്റ് നടപടിക്രമങ്ങളുടെ രേഖകൾ ഹാജരാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നടപടിക്രമങ്ങൾ സ്വീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെട്ട ഫയൽ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.22/31.01.2021). ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാൻ കഴിയുന്നില്ല.

### 1-1-2 ബജറ്റിൽ വകയിരുത്തിയതിലധികം തുക ചെലവഴിച്ചു

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഹെഡ് കോഡ് (ബജറ്റ്) | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രികപ്രകാരം ചെലവ് |
|---|---|---|---|
| ജീവനക്കാരുടെ പി.എഫ് കോൺട്രിബ്യൂഷൻ | 2105001 | 0 | 1,13,219/- |
| വാടക | 2201001 | 10,000/- | 23,750/- |
| ബുക്ക്സ്, പീരിയോഡിക്കൽസ് | 2202001 | 30,000/- | 46,807/- |
| ഇൻഷുറൻസ്, രജിസ്ട്രേഷൻ | 2304001 | 15,000/- | 27,084/- |
| മറ്റ് ഭരണചെലവുകൾ | 2208001 | 3,00,000/- | 3,23,989/- |

ചില ഹെഡുകളിൽ ചെലവഴിക്കുന്നതിനായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

| ഇനം | ഹെഡ് കോഡ് | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രികപ്രകാരം ചെലവ് |
|---|---|---|---|
| EMD | 3401001 | 2,00,000/- | 0 |
| Security Deposit | 3401002 | 3,50,000/- | 0 |
| | | | |

| | | | | |
|---|---|---|---|---|
| | Retension | 3401003 | 1,00,000/- | 0 |

## 1-1-3 ബജറ്റ് പുതുക്കൽ- ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്.

2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചതിനുശേഷമാണ് (16.03.2020)മുൻവർഷത്തെ (2019-20ലെ) ബജറ്റ് പുതുക്കി അംഗീകരിച്ചിരിക്കുന്നത് (ഭരണസമിതിയുടെ 31.03.2020 ലെ 1-ാം നമ്പർ തീരുമാനം). ഇത് പുതുക്കിയ ബജറ്റായി പരിഗണിക്കാനാവില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ 27.04.2020 ലെ ഭരണസമിതിയോഗത്തിൽ 6(1) തീരുമാനത്തിലൂടെ അംഗീകരിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ 8.6.2020 തീയതിയിൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടുണ്ട്.

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

1) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എല്ലാ ചെലവുകൾക്കും പേമെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

2) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/Decreasein Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

3) വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

4) മൂന്നു മാസത്തിലധികമായ ചെക്കുകൾ Stale Cheque ആയി ബുക്ക് ചെയ്തിട്ടില്ല. (ഉദാ- ചെക്ക് നം. 324048/07.09.2019)

5) വർഷാന്ത്യ സ്റ്റോക്കിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

6) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്ിൽ വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 93435560/- ചെലവ് 99351800/-)

7) വികസന ഫണ്ട് (ജനറൽ) ന്റെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ്, എ സി ആർ എന്നിവ പ്രകാരമുള്ള വരവ് 11911344/- രൂപയാണ്. എന്നാൽ സർക്കാർ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച ആകെ തുക 13524900/- ആണ്. സുലേഖ, ഗ്രാന്റ് യൂട്ടിലൈസേഷൻ പ്രകാരമുള്ള ചെലവ് 12413947/- രൂപയും എ.സി.ആർ, വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് 11172591/- രൂപയുമാണ്.

8) വികസന ഫണ്ട് (എസ്.സി.പി.) ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവ പ്രകാരമുള്ള വരവ് 64,60,412/- രൂപയാണ്. എന്നാൽ സർക്കാർ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച ആകെ തുക 13524900/- ആണ്. പ്രസ്തുത ഫണ്ടിന്റെ സുലേഖ ചെലവ് 56,50,588/- രൂപയും, എ.സി ആർ പ്രകാരമുള്ള ചെലവ് 5430000/- രൂപയും ആണ്.

9) സ്രോതസ്സിൽ നിന്നും ഈടാക്കപ്പെടുന്ന ഫണ്ടുകൾ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

* വികസന ഫണ്ട് (ജനറൽ) ന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നായി അംഗൻവാടി ജീവനക്കാർക്കുള്ള അധിക പ്രതിഫലമിനത്തിൽ ആകെ 8,10,300/- രൂപ (4,38,000+3,72,300) കുറവുചെയ്തിട്ടുണ്ട്. ഇതിൽ 3,72,300/- രൂപയുടെ വരവ്/ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

** ജനറൽ പർപ്പസ് ഫണ്ടിന്റെ ആദ്യ നാലു ഗഡുക്കളിൽ നിന്നായി കെ.എസ്.ഇ.ബി ലേക്കുള്ള കുടിശ്ശിക തുക അടവാക്കുന്നതിനായി 6,064/- രൂപ ( 1516*4) കുറവു ചെയ്തിട്ടുണ്ട്. പ്രസ്തുത തുക വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

10) എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവു ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | ക്യാഷ് ബുക്ക് പ്രകാരം | ആർ.പി. പ്രകാരം |
|---|---|---|
| വരവ് | 12,61,741/- | 949959+277000 |
| ചെലവ് | 12,56,363/- | 3,35,643/- |

11) എം.എൻ.ആർ.ഇ.ജി.എസ് I6 വരവ് (24154065) – RP 16 ചെലവ് (335643) എന്നത് എഫ്.റ്റി.ഒ. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

12) തൊഴിൽരഹിതവേതനമിനത്തിൽ തൻവർഷം ആകെ 379560/- രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വാർഷികകണക്കുകളിൽ പ്രസ്തുത ചെലവ് 231720/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

13) പ്രൊഫഷൻ ടാക്സ് വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

| പ്രൊഫഷൻ ടാക്സ് ജീവനക്കാർ | | |
|---|---|---|
| | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ് പ്രകാരം |
| ഡിമാന്റ് | 13,37,435/- | 13,72,435/- |
| പ്രൊഫഷൻ ടാക്സ് സ്ഥാപനങ്ങൾ/ട്രേഡേഴ്സ് | | |
| ഡിമാന്റ് | 57,645/- | 2,61,450/- |

14) പ്രോപ്പർട്ടി ടാക്സ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ/ നോൺ റസിഡൻഷ്യൽ (കറന്റ്) | | |
|---|---|---|
| | പത്രിക പ്രകാരം | എ.എഫ്.എസ് പ്രകാരം |
| ഡിമാന്റ് | 2597623 | 2591724 |
| കളക്ഷൻ | 2258595 | 2062419 |
| ബാലൻസ് | 358508 | 555767 |
| പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ/ നോൺ റസിഡൻഷ്യൽ (അരിയർ) | | |
| ഡിമാന്റ് | 1275098 | 1220284 |
| കളക്ഷൻ | 507316 | 485026 |
| ബാലൻസ് | 775230 | 749961 |

15) ആർ.പി. 9 ബാങ്ക് പലിശ ഹെഡിൽ ലൈഫ് അക്കൗണ്ടിലെ പലിശ വരവായ 39,094/- രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു.

16) ബി11(A) Capital Work In Progress 8,81,446/- എന്നാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ള പത്രിക പ്രകാരം ഇത് 9,86,374/- ആണ്.

17) 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

18) ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം എന്നിവരുടെ മാർച്ച് 2020 ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.4/23.03.2021, 8/25.03.2021, 20/30.03.2021) മറുപടി ലഭ്യമായില്ല.

## 1-3 സാമ്പത്തിക നില

| | |
|---|---:|
| മുന്നിരിപ്പ് | 1,52,27,073/- |
| വരവ് | 6,66,33,287/- |
| ആകെ | 8,18,60,360/- |
| ചെലവ് | 6,48,46,938/- |
| നീക്കിയിരിപ്പ് | 1,70,13,422/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---:|---:|---:|---:|---:|---|
| വികസന ഫണ്ട്- ജനറൽ | 0 | 13525000 | 13525000 | 11172591 | 2352409 | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ്, എ സി ആർ എന്നിവ പ്രകാരമുള്ള വരവ്11911344/- രൂപയാണ്. സുലേഖ , ഗ്രാന്റ് യൂട്ടിലൈസേഷൻ പ്രകാരമുള്ള ചെലവ് 12413947/- രൂപയുമാണ്. |
| വികസന ഫണ്ട്- എസ് സി പി | 0 | 6681000 | 6681000 | 5430000 | 1251000 | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് , എ.സി ആർ എന്നിവപ്രകാരമുള്ള വരവ് 64,60,412/- രൂപയാണ്. സുലേഖ ചെലവ് 56,50,588/- രൂപയുമാണ്. |
| മെയിന്റനൻസ്, റോഡ് | 0 | 10666000 | 10666000 | 3992036 | 6673964 | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺറോഡ് | 0 | 4125000 | 4125000 | 3505441 | 619559 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10339549 | 10339549 | 3505441 | 5787527 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മുന്നിരിപ്പ് , വരവ് എന്നിവ പൂജ്യം ആയും നീക്കിയിരിപ്പ് -963550 ആയും രേഖപ്പെടുത്തിയിരിക്കുന്നു. |
| ഐ.സി.ഡി.എസ് | 1004552 | 827413 | 1831965 | 883555 | 948410 | |
| റ്റി എസ് സി | 962500 | 0 | 962500 | 79995 | 882505 | - |

ഫണ്ട് വകയിരുത്തലിലെ അപാകങ്ങൾ – വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല

തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ, നോൺപ്ലാൻ ഫണ്ടിന്റെ വിവിധ ഗഡുക്കളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളുടെ കുടിശ്ശികയായ വിവിധ ചെലവുകൾക്കായുള്ള തുക കുറവു ചെയ്ത ശേഷമുള്ള തുകയാണ് അനുവദിച്ചിരുന്നത്. പ്രസ്തുത തുകക്ക് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി ചെലവു രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകക്ക് വരവ് രേഖപ്പെടുത്തുന്നതിനും, പദ്ധതിചെലവായി ഉൾപ്പെടുത്തുന്നതിനും വീഴ്ച വരുത്തി. വിശദാംശങ്ങൾ താഴെ.

1) പൊതു വികസന ഫണ്ടിന്റെ 2, 3 ഗഡുക്കളിൽ നിന്നായി ആകെ 8,10,300/- (438000+372300) രൂപ അംഗൻവാടി ജീവനക്കാരുടെ അധിക വേതനമിനത്തിൽ സർക്കാർ കുറവു ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ചെലവു ഉൾക്കൊള്ളിക്കുന്നതിലേക്കായി ആകെ 4,38,000/- രൂപയുടെ പദ്ധതി മാത്രമാണ് സുലേഖയിൽ തയ്യാറാക്കിയിട്ടുള്ളത്.

2) ജനറൽ പർപ്പസ് ഗ്രാന്റിന്റെ നാലു ഗഡുക്കളിൽ നിന്നായി വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ 6,064/- രൂപ കുറവു ചെയ്തിട്ടുണ്ട്. ഇതിലേക്കായി പദ്ധതി ഉൾക്കൊള്ളിച്ചിട്ടില്ല.

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/24.03.2021) മറുപടി ലഭ്യമായില്ല. തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ കുടിശ്ശിക ചെലവുകൾക്കായി സർക്കാർ ഈടാക്കി കൈമാറുന്ന തുക സ്ഥാപനങ്ങളുടെ വരവിലും ചെലവിലും ഉൾപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾ (സ.ഉ(കൈ)നം.11/2018/ തസ്വഭവ, തീയതി 29.02.2018) പാലിച്ചിട്ടില്ല. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ആസൂത്രണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ടത് ഗ്രാമസഭ വഴിയുള്ള ജന പങ്കാളിത്തത്തിലൂടെയാണ്. ഗ്രാമസഭാ മിനിറ്റ്സ്, വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് ഗ്രാമസഭയിൽ ആവശ്യമായ ചർച്ചകൾ നടക്കുകയോ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടവയുടെ നിർദേശങ്ങൾ ഉണ്ടാവുകയോ ചെയ്തിട്ടില്ല. ഗ്രാമസഭയിലെ നിർദേശങ്ങൾ പരിഗണിച്ച് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ  പദ്ധതികൾ ഭരണസമിതിയ്ക്ക് സമർപ്പിച്ച് മുൻഗണനകളും വിഭവലഭ്യതയും പരിഗണിച്ച് അന്തിമ തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|---|

| പദ്ധതികളുടെ | | | | പദ്ധതികളുടെ | | |
|---|---|---|---|---|---|---|
| എണ്ണം | 104535741 | 95 | 49598562 | എണ്ണം | 107 | 47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 34782 | 1226959 | 1261741 | 335643 | 5378 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് * | 0 | 23818422 | 23818422 | 23818422 | 0 |

* വാർഷിക കണക്കുകൾ പ്രകാരം

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം * | 2,31,720/- | 91 |
| കർഷക തൊഴിലാളി പെൻഷൻ | 21,73,800/- | 362 |
| വിധവാപെൻഷൻ | 44,20,200/- | 780 |
| വാർദ്ധക്യകാല പെൻഷൻ | 65,61,300/- | 1239 |
| വികലാംഗ പെൻഷൻ | 18,92,500/- | 326 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60,000/- | 2 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1,05,000/- | 20 |

* വാർഷിക കണക്കുകൾ പ്രകാരം

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2021, ഉച്ചയ്ക്ക് 2.30-ന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,205/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പൊതുഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായ ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണെങ്കിലും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നു എന്ന് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി ഉറപ്പാക്കേണ്ടതാണ്.

തനത് വരവ് ഈടാക്കുന്നതിൽ പാളിച്ചകൾ

പഞ്ചായത്ത് പരിധിയിലെ കടകളുടേയും മറ്റ് ട്രെയിഡിംഗ് സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രെയിഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. പുതിയ വരുമാനസ്രോതസ്സ് കണ്ടെത്തുന്നതിനോ അതിനനുസരിച്ച് തനത് വരവ് വർദ്ധിപ്പിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.

ആരോഗ്യസംരക്ഷണ പദ്ധതികൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾ പാലിക്കാതെ ചെലവുകൾ നടത്തിയിരിക്കുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഹോം വിസിറ്റ് നടത്താതെയും, നടത്തിയ ദിവസങ്ങളിൽ കൂടുതൽ ആളുകൾ പങ്കെടുത്തതായും രേഖപ്പെടുത്തി ചെലവ് നടത്തിയിരിക്കുന്നു.

മരാരത്ത് പ്രവൃത്തികൾ

സ്പിൽ ഓവർ ആയ മരാമത്ത് പ്രവൃത്തികൾ  നടപ്പാക്കിയിട്ടില്ല. 118 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 41 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. സി.എഫ്.സി. ഗ്രാന്റ്, ശുചിത്വ മിഷൻ ഫണ്ട് എന്നിവ ഉപയോഗിച്ച് മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്ററിനായി നിർമ്മിച്ച സ്ഥലത്ത് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതിയിൽ സുതാര്യമായ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയും കാര്യക്ഷമതയും പരിശോധനാവിധേയമാക്കുന്ന സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

## 1-10 വസ്തു നികുതി - വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2019-20 വർഷത്തിലും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം. | പേര് |
|---|---|---|
| 1 | I/193 | ജ്ഞാനദാസ് |
| 2 | XII/377 | കെ.സുമൻ |
| 3 | IV/141 | രവീന്ദ്രൻനായർ |
| 4 | XX/234A | ഗോപാലകൃഷ്ണൻ |

| | | |
|---|---|---|
| 5 | VI/290 | ശശിധരൻ ആശാരി |
| 6 | I/77A | സിസിൽരാജ് |
| 7 | I/244 | മണി. വി |
| 8 | III/292 | തങ്കം |
| 9 | VI/177 | വസന്തകുമാരി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/3.04.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിനുള്ളതുമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം (1,3,15 വാർഡുകൾ മാത്രം പരിശോധിച്ചതിൽ) മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിനുള്ളതുമായ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് | കെട്ടിട നംമ്പർ | പേര് |
|---|---|---|
| 1 | 43 | ദാനിയൽ |
| 1 | 45 | ദാസൻ |
| 1 | 58 | കേസരി |
| 1 | 77A | എൻ. സിസിൽരാജ് |
| 1 | 90 | യേശുദാസ് |
| 1 | 98 | രവീന്ദ്രൻ |
| 1 | 101 | ബാലകൃഷ്ണൻ |
| 1 | 119 | ദാസൻ |
| 3 | 15 | അനിൽകുമാർ |
| 3 | 18 | അനിൽകുമാർ |
| 3 | 129 | ഗോപീ |
| 3 | 385 | രാജ്കുമാർ |
| 9 | 70 | ബെൻസിംഗർ ജനോബ |
| 9 | 249 | പുഷ്പം |
| 15 | 35B | ഷെർളി പി ദാസ് |
| 15 | 69 | എൻ.എസ്. മണിയൻ |
| 15 | 76 | ബിനു |
| 15 | 142 | ഗമാലിയേൽ |
| 15 | 187 | ആഗ്നേസ് |
| 15 | 234A | ഗോപാലകൃഷ്ണൻ |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.14/30.3.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി

ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FTEAOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/31.03.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.21/31.03.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 ഇ-ടെണ്ടർ പ്രവൃത്തിയുടെ ഫോറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2019-20 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഫോറം വില നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/23.03.2021) ഫോറം വില പഞ്ചായത്തിലേയ്ക്ക് നൽകുവാനായി ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഇ-ടെണ്ടർ പ്രവൃത്തിയുടെ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

2020 ഏപ്രിൽ മുതൽ 2021മാർച്ച് മാസം വരെ വസ്തു നികുതി ഇനത്തിൽ സാംഖ്യ രസീതു പ്രകാരം പിരിച്ചെടുത്ത തുകയിൽ 1/4/2020 മുതൽ 22/3/2021 വരെയുള്ള റദ്ദാക്കിയ രസീതുകളുടെ റിപ്പോർട്ട് പ്രകാരം 62/- രൂപയുടെ 120020102734നമ്പർ രസീത്, തീയതി 15/3/2021 സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട നികുതി ഒടുക്കിയതായി (വാർഡ്-13 കെട്ടിട നം.-173) രേഖപ്പെടുത്തിയിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.18/30.03.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-16 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 31.3.2020 ലെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ചതിൽ 320300199, 320400101, 320400199 എന്നീ ഹെഡുകളിൽ 19,22,054/- രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ സമയബന്ധിതമായി യഥാവിധി ചെലവഴിക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടതുമാണ്. നിർദ്ദിഷ്ടവ്യവസ്ഥകൾ പാലിച്ച് യഥാസമയം പ്രോജക്റ്റുകൾ നിർവഹിക്കാതിരുന്നതിനാലാണ് മേൽപ്പറഞ്ഞപ്രകാരം തുകകൾ അവശേഷിക്കുന്നത്. ആയതിനാൽ നിശ്ചിതാവശ്യങ്ങൾക്കായി ലഭിച്ച ധനസഹായങ്ങൾ പ്രസ്തുത ഏജൻസികളുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചെലവഴിക്കുന്നതിനും അല്ലാത്തപക്ഷം അവശേഷിക്കുന്ന തുക തിരികെ ഒടുക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-17 കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.</u>

കേന്ദ്രവിഹിതമായി ലഭിച്ചതുകയിൽ 2019-20 വർഷത്തെ നീക്കിയിരിപ്പ് (ബി4-(320100121 (ICDS) 9,48,410/- ആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10,04,552/- |
| വരവ് | 8,27,413/- |
| ആകെ | 18,31,965/- |
| ചെലവ് | 8,83,555/- |
| നീക്കിയിരുപ്പ് | 9,48,410/- |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
പഞ്ചായത്ത് പരിധിയിലെ അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾപര്യാപ്തമല്ലാത്തതിനാൽ സർക്കാർ നിർദ്ദേശാനുസരണം അതാത് വർഷം ലഭിക്കുന്ന ഫണ്ടുപയോഗിച്ച് അംഗൻവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.
അവശേഷിക്കുന്ന കേന്ദ്രവിഹിതം ഭരണസമിതിയുമായി കൂടിയാലോചിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വിനിയോഗിച്ചുകൊള്ളാമെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവഹണ ഉദ്യോഗസ്ഥ മറുപടി (നം 13/30.03.21) നൽകിയിട്ടുണ്ട്.

## <u>1-18 തനതു ചെലവുകൾക്കാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല 63700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

ചുവടെ ചേർക്കുന്ന തനതു ചെലവുകൾക്കു ആധികാരികമായ ചെലവു വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | ചെക്ക്നം./തീയതി | ചെലവു വിവരം | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 134121/12.04.2019 | 8-ാം വാർഡിലെ പൊഴിക്കര മുതൽ ഇ.എം.എസ്. കോളനി വരെ ജെ.സി.ബി. | 18,700/- | എസ്റ്റിമേറ്റ്, വാല്യുവേഷൻ, മസ്റ്റർ റോൾ, ഭരണസമിതി തീരുമാനം തുടങ്ങിയവ |

| | | | | |
|---|---|---|---|---|
| | | ഉപയോഗിച്ച് വൃത്തിയാക്കിയത് | | |
| 2 | 134125/25.04.2019 | ഇലിപ്പത്തോപ്പ് - ഇ.എം.എസ്. കോളനി ഓട വൃത്തിയാക്കൽ | 6,000/- | എസ്റ്റിമേറ്റ്, വാല്യവേഷൻ, ഭരണസമിതി തീരുമാനം തുടങ്ങിയവ |
| 3 | 087860/22.05.2019 | മുതുക്കപ്ലാവിള, അരുമാനൂർ അപകടാവസ്ഥയിൽ നിന്ന 4 ഇലവു മരങ്ങൾ മുറിച്ച് മാറ്റിയത് | 18,000/- | ഭരണസമിതി തീരുമാനം |
| 4 | 482100/25.05.2019 | മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ 3/19, 4/19, 5/19 മാസങ്ങളിലെ വാടകയിനത്തിൽ ശ്രീ. മുഹമ്മദ് അബ്ദുൾ ഖബീർ ന് അനുവദിച്ചത് | 21,000/- | വാടക കരാർ, കെട്ടിട വാടക നിർണ്ണയിച്ചതു സംബന്ധിച്ച പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം/എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയവ |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക (നം. 5/23.03.2021, 25/31.03.2021) മറുപടി ലഭ്യമാക്കിയില്ല. ചെലവുകൾക്കാധാരമായ രേഖകൾ/വൗച്ചറുകൾ പരിശോധനക്ക ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-19 അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

വാർഷിക കണക്കുകളിലെ ബി-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാതെ അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | 31.03.2020ലെ നീക്കിയിരുപ്പ് |
|---|---|
| 460100101 Festival Advance | 21,000/- |
| 460500399 Advance To Other Authorised Agencies | 1,14,500/- |
| 460600101 Electricity Deposits | 8,400/- |

തുകകൾ നീക്കിയിരുപ്പായി അവശേഷിക്കുന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4/23.03.2021) മറുപടി ലഭ്യമായില്ല. ക്രമീകരിക്കാനവശേഷിക്കുന്ന തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 നീക്കിയിരിപ്പായി അവശേഷിക്കുന്ന വിവിധ ഫണ്ടുകൾ.

വാർഷിക കണക്കുകളിലെ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ ഫണ്ടുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | | 31.03.2019 ലെ നീക്കിയിരുപ്പ് | 31.03.2020ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 320100115 | ടി.എസ്.സി. | 8,82,505/- | 8,82,505/- |
| 320200322 | ശുചിത്വമിഷൻ | 16,23,068/- | 16,23,068/- |
| 320400101 | നബാർഡ് സഹായം | 6,60,000/- | 6,60,000/- |
| 320900101 | നിർമൽ പുരസ്കാർ | 1,05,360/- | 1,05,360/- |
| 320900299 | സംസ്ഥാന സർക്കാർ ഗ്രാന്റ് | 5,00,000/- | 5,00,000/- |

വിവിധ ഏജൻസികൾ ലഭ്യമാക്കിയിട്ടുള്ള തുകകൾ നീക്കിയിരുപ്പായി അവശേഷിക്കുന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/25.03.2021) മറുപടി ലഭ്യമായില്ല. നീക്കിയിരുപ്പായി അവശേഷിക്കുന്ന ഫണ്ടുപയോഗിച്ച് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 അടങ്കൽ തുകയേക്കാൾ അധികം ചെലവ് ചെയ്തു.

സുലേഖ ചെലവ് പത്രിക പ്രകാരം 2019-20 ൽ എ.ഇ. നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ ചെലവ് അടങ്കൽ തുകയെക്കാളും അധികമായിരിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് നം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | പള്ളം പുരയിടം റോഡ് കൾവർട്ട് നിർമ്മാണം 94/19-20 | 1,77,600/- | 1,77,938/- |
| 2 | വരവിളത്തോപ്പ് റോഡ് കൾവർട്ട് നിർമ്മാണം 95/19-20 | 1,77,600/- | 1,78,059/- |
| 3 | ചെക്കടി പരപ്പൻകുളം റോഡ് പുനരുദ്ധാരണം 114/19-20 | 3,90,052/- | 4,36,858/- |

മേൽ പദ്ധതികളുടെ പ്രോജക്ട് രൂപീകരണ പത്രികകൾ, റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ, ചെലവ് രേഖകൾ, ഭരണസമിതി തീരുമാനങ്ങൾ തുടങ്ങിയ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/23.3.2021) മറുപടി ലഭ്യമാക്കിയില്ല.

അടങ്കൽ തുകയിൽ അധികമായി ചെലവ് ചെയ്തതിന് വിശദീകരണം നൽകേണ്ടതും അപാകം പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-22 പദ്ധതി രൂപീകരണ നിർവഹണ ചെലവുകൾ - വൌച്ചറുകൾ ലഭ്യമായില്ല – 10000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. 1/20 പദ്ധതി രൂപീകരണ നിർവഹണ ചെലവുകൾ

അടങ്കൽ തുക - 1,50,000/- (വികസന ഫണ്ട്)

50,000/- (തനത് ഫണ്ട് )

ചെലവ് തുക - 40,257/- വികസനഫണ്ട് (ബിൽ നം. 21/26.08.2019- 15322

28/26.09.2019- 1952

61/16.03.2020- 22983)

29720/- തനതു ഫണ്ട് (ചെക്ക് നം. 73860/29.02.2020- 750

73864/03.03.2020- 17500

73886/30.03.2020- 1470)

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി പ്രകാരം ചെലവു ചെയ്തതിൽ തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ച 10,000/- രൂപയുടെ വിശദാംശങ്ങൾ (വൌച്ചറുകൾ, ചെക്ക് നം. തുടങ്ങിയവ) പരിശോധനക്കു ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/30.03.2021) മറുപടി / രേഖകൾ

ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതി പ്രകാരം തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്ത 10,000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-23 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല- 696723/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് തൻവർഷം നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ.

| പ്രോജക്റ്റ് നം. | 129/20 | 8/20 |
|---|---|---|
| പേര് | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റിസ്ഥാപിക്കൽ, ലൈൻ നീട്ടൽ (സ്റ്റീൽ ഓവർ) | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റിസ്ഥാപിക്കൽ, ലൈൻ നീട്ടൽ |
| അടങ്കൽ തുക | ധനകാര്യ കമ്മിഷൻ അവാർഡ് 62099/- | ധനകാര്യ കമ്മിഷൻ അവാർഡ് 8,00,000/- |
| ആകെ ചെലവ് | 62099/- | 634624/- |
| ബിൽ നം., തുക | 11/15.06..2019, 62099/- | 13/28.06.2019, 254970/-<br>20/26.08.2019, 167483/-<br>30/26.09.2019, 29319/-<br>34/16.10.2019, 74388/-<br>64/30.03.2020, 24990/-<br>65/30.03.2020, 2340/-<br>67/30.03.2020, 20310/-<br>67/30.03.2020, 18246/-<br>70/30.03.2020, 5214/-<br>71/30.03.2020, 16303/- |
| നിർവഹണ ഏജൻസി | കെ.എസ്.ഇ.ബി. | കെ.എസ്.ഇ.ബി. |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ഇതിൽ പ്രോജക്റ്റ് നം. 8/20 ലൂടെ 14 പ്രവൃത്തികൾക്കായുള്ള തുകയാണ് വിവിധ ബില്ലുകളിലൂടെ കെ.എസ്.ഇ.ബി. ക്കു കൈമാറിയത്. ഇതിൽ 5പ്രവൃത്തികളുമായി ബന്ധപ്പെട്ട 1,03,250/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം 06.03.2021 തീയതിയിൽ കെ.എസ്.ഇ.ബി. ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

എ) പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമായശേഷം കെ.എസ്.ഇ.ബി. യുമായി കരാറിലേർപ്പെടേണ്ടതുണ്ട്. ഇപ്രകാരം കരാറിലേർപ്പെട്ടശേഷം മാത്രമാണ് പ്രവൃത്തിയുടെ തുക നിക്ഷേപിച്ചു നൽകേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകാതെ തന്നെ തുക കൈമാറുകയുണ്ടായി. കൂടാതെ, തുക കൈമാറിയ ശേഷമാണ് കെ.എസ്.ഇ.ബി. യുമായി കരാറിലേർപ്പെട്ടിട്ടുള്ളത് (30.06.2020 ൽ).

ബി) പൂർത്തിയായതായി അറിയിച്ചിട്ടുള്ള 5 പ്രവൃത്തികളുടെയും അന്തിമ ബിൽ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമായിട്ടില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 11/16.03.2021) മറുപടി ലഭ്യമായില്ല. പ്രവൃത്തികളുടെ അന്തിമ ബിൽ, വിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിലും, പ്രവൃത്തികൾ പൂർണ്ണമായി പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും പ്രവൃത്തികൾക്കായി ചെലവു ചെയ്ത 6,96,723/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

## 1-24 സ്റ്റോക്ക് & സ്റ്റോർസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

സ്ഥാപനം സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ ആധികാരികമല്ല. അതതു സമയങ്ങളിൽ വാങ്ങുന്ന സാധനങ്ങളുടെ വിവരങ്ങൾ ഒറ്റ പേജിൽ ഉൾപ്പെടുത്തി രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഫർണിച്ചർ, കമ്പ്യൂട്ടർ, വൈദ്യുത ഉപകരണങ്ങൾ തുടങ്ങിയവയുടെ സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ച് ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ പരിശോധിക്കുവാനായില്ല. ഉദാഹരണമായി എ) പ്രോജക്ട് നം. 4/20 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി പ്രകാരം 4 ഡെസ്ക് ടോപ്പുകൾ, 2 പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനു 189968/- രൂപ വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തതു സംബന്ധിച്ച രേഖകൾ പരിശോധിച്ച ബോധ്യപ്പെടാനായില്ല.

ബി) 2016-17 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. 28/17 പ്രകാരം സ്ഥാപിച്ചിട്ടുള്ള 5കെ.വി. ജനറേറ്റർ നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതായും, പ്രസ്തുത ഉപകരണം റിപ്പയർ ചെയ്തു ഉപയോഗപ്പെടുത്താത്തതായും ബോധ്യപ്പെടുകയുണ്ടായി. ഉപകരണത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ, എ.എം.സി./വാറന്റി രേഖകൾ പരിശോധനക്കു ലഭ്യമായില്ല.

ഉപകരണങ്ങളുടെ വിതരണവിശദാംശങ്ങൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.11/26.03.2021, 26/31.03.2021) മറുപടി ലഭ്യമായില്ല. കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 150 പ്രകാരം എല്ലാ ഓഫീസ് മേധാവികളും ഫർണിച്ചർ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മതൃകയിൽ തയ്യാറാക്കേണ്ടതും, കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 149-161 ലെ നിർദ്ദേശങ്ങൾ പാലിച്ച സ്റ്റോക്ക് അക്കൗണ്ട് പരിപാലിക്കേണ്ടതുമാണ്. പദ്ധതികൾ പ്രകാരം ആർജിക്കുന്ന ആസ്തികളുടെ ഫലപ്രദമായ വിനിയോഗം, അവയുടെ ഭാവി പരിപാലനം എന്നിവയും നിർവഹണാധികാരികൾ ഉറപ്പാക്കേണ്ടതാണ്.V

## 1-25 ലൈബ്രറി സെസ്സ്- ലൈബ്രറി കൗൺസിലിൽ തുക അടവാക്കിയിട്ടില്ല.

2019-20 വർഷത്തെ ധനകാര്യപത്രിക പ്രകാരം (ബി 9- 350300201) ലൈബ്രറി സെസിനത്തിൽ 2,71,426.70/- രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷം ഈയിനത്തിൽ ലൈബ്രറി കൗൺസിലിലേയ്ക്ക് തുക അടവാക്കിയിട്ടില്ല.

സർക്കുലർ നം 10088/എൽ3/05/ത.സ്വ.ഭ.വ തിയതി 20.09.2005 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യഗഡു ഏപ്രിൽ 30 ന് അകവും രണ്ടാം ഗഡു നവംബർ 30 നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തിയാൽ അത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കേണ്ടതുമാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/30.03.21)മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി ലൈബ്രറി കൗൺസിലിലേയ്ക്കു തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 കാഷ് ബുക്ക് ചട്ടപ്രകാരം പരിപാലിച്ചിട്ടില്ല

ഒരു സ്ഥാപനത്തിലെ എല്ലാ വരവു ചെലവു കണക്കുകളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന സുപ്രധാന രേഖയാണ് ക്യാഷ്ബുക്ക്. ഇത് ഫോറം നം. 7A മാതൃകയിലായിരിക്കണമെന്നും പണം കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസുകളും/സ്ഥാപനങ്ങളും ഇതു പരിപാലിക്കണമെന്നും, ദിവസത്തെ എല്ലാ പണമിടപാടുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തണമെന്നും

കേരള ട്രഷറി കോഡ്, വാല്യം. 01, ചട്ടം 92(l),93എന്നിവയിൽ നിഷ്കർഷിക്കുന്നു. ജി.ഒ(പി) നം 177/2006/ ധന തീയതി 12.04.2006(ഖ.28) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7എ കാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും പഞ്ചായത്ത് ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. പഞ്ചായത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി വരവ് ചെലവ് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ മെഡിക്കൽ ഓഫീസർ (അലോപ്പതി ) ഓഡിറ്റിനു ഹാജരാക്കിയ ക്യാഷ്ബുക്ക് ഫോറം നം. 7A മാതൃകയിലുള്ളതല്ല. കൂടാതെ അതത് ദിവസത്തെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുമില്ല.
ഉദാ -(എ) സെക്രട്ടറിയുടെ ബിൽ രജിസ്റ്റർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് നൽകിയിരിക്കുന്ന ചുവടെ ചേർക്കുന്ന ബില്ലുകളുടെ വിശദാംശങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| തുക | ചെക്ക് നം, തീയതി |
|---|---|
| Rs.32,760/- | 2701188/19.06.19 |
| Rs.23,040/- | 2701194/11.07.19 |

(ബി) സുലേഖ പത്രിക പ്രകാരം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവഹണം നടത്തിയ പ്രോജക്ടുകളുടെ വരവ് ചെലവ് കണക്കുകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് തയാറാക്കി, എല്ലാ വരവു ചെലവു കണക്കുകളും എഴുതി, മാസാന്ത്യ, വർഷാന്ത്യ സംക്ഷിപ്തം എഴുതി, ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതുമാണ്.

## 1-27 പാലിയേറ്റീവ് കെയർ - അപാകതകൾ

പഞ്ചായത്തിലെ കിടരോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, ആംബുലൻസ് ഡ്രൈവറുടെ വേതനം, വാഹനത്തിന്റെ ഡീസൽ ചെലവ്, ഹോംകെയർ, കുടുംബസംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്.
പദ്ധതിനിർവഹണത്തിലെ ക്രമക്കേടുകള് ചുവടെ ചേർക്കുന്നു

## 1-27-1 രേഖകളും വിശദീകരണവും ലഭ്യമാക്കിയില്ല- 4,83,911/- രൂപ തടസ്സപ്പെടുത്തുന്നു.

*പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുൻപും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്.
മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന്, പി.എം.സി മിനിട്സ് ബുക്ക് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഇതേ അപാകത മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു (ഖണ്ഡിക നം.1-30, ഓ.റി 2018-19). ആയതിനാൽ പദ്ധതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ സാധിച്ചിട്ടില്ല.

*പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഒക്ടോബർ 2019 മുതൽ രമ്യ ആർ. എസ്. എന്ന നഴ്സിന്റെ സേവനം ലഭ്യമാക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ നഴ്സിന്റെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 27/03.04.21)
അറ്റൻഡൻസ് രജിസ്റ്റർ പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.
* മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ്

നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

*2019-20 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും ചുവടെ ചേർക്കും വിധം ഡ്രൈവറുടെ വേതനമിനത്തിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിനോടൊപ്പം ഡ്രൈവറുടെ അറ്റൻഡൻസ് സംബന്ധിച്ച രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശംചുവടെ

| ഡ്രൈവറുടെ പേര് | നൽകിയ തുക | ജോലിചെയ്ത കാലയളവ് | ബിൽ തുക, നം, തീയതി |
|---|---|---|---|
| മൻസൂർ<br>KL 19K 4043 | 12,800/- | ജൂലൈ 2019 (400*16)<br>ഓഗസ്റ്റ് 2019 (400*16) | 16,227/-<br>89/18.10.19 (ACR-GPF) |
| മൻസൂർ<br>KL 19K 4043 | 11,600/- | സെപ്റ്റംബർ 2019 (400*15)<br>October 2019 (400*14) | 16,719/-<br>133/29.11.19 (ACR-GPF) |

ഡ്രൈവറെ കരാർ അടിസ്ഥാനത്തിലാണോ ദിവസവേതനാടിസ്ഥാനത്തിലാണോ നിയമിച്ചത്, നിയമനം സംബന്ധിച്ച ഭരണസമിതി തീരുമാനം, ഫയലുകൾ, കരാർ, മറ്റ് രേഖകൾ എന്നിവയൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മതിയായ രേഖകളും വിശദീകരണവും ലഭ്യമാക്കാത്തതിനാൽ 4,83,911/- രൂപ (517681-33770) തടസ്സപ്പെടുത്തുന്നു. അപാകതകൾ ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27-2 മാർഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല- ഭക്ഷണച്ചെലവിന് കൂടുതൽ തുക അനുവദിച്ചു-23,255/- രൂപ നിരാകരിക്കുന്നു.

| പ്രോജക്ടിന്റെ പേര്/ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | തുക | ബിൽ നം / തീയതി |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ (21) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) പൂവാർ | 636600 (525000 വികസന ഫണ്ട് ജനറൽ, 111600 തനത് ഫണ്ട്) ) | 517681 | 15800/-<br>16719<br>16227/-<br>32500/-<br>109320/<br>200000/<br>39215/-<br>43130<br>44770 | 185/21.01.20 (ACR-GPF)<br>133/29.11.19 (ACR-GPF)<br>89/18.10.19 (ACR-GPF)<br>307/31.03.20 (ACR-GPF)<br>6/25.10.19<br>8/14.01.20<br>10/31.01.20<br>12/28.02.20<br>13/25.03.20 |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, ആംബുലൻസ് ഡ്രൈവറുടെ വേതനം, വാഹനത്തിന്റെ ഡീസൽ ചെലവ്, ഹോംകെയർ, കുടുംബസംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്.

പദ്ധതിനിർവഹണത്തിലെ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

(1) പാലിയേറ്റീവ് കെയർ മാർഗരേഖ (സ.ഉ (സാധാ) നം.553/2019/തസ്വഭവ തീയതി 07.03.2019) പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ പരിശോധിക്കുന്ന ഹോം കെയർ ടീമിന്റെ വിവരങ്ങൾ

ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഹോം കെയർ ആരംഭിച്ച സമയം, ഓരോ രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, ആകെ കണ്ട രോഗികളുടെ എണ്ണം, ഉച്ചഭക്ഷണത്തിന് നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീമംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. (ഖണ്ഡിക 2.6.3). ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർ ഹോം കെയർ ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഹോംകെയർ റിപ്പോർട്ട് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പല ദിവസങ്ങളിലും ഹോം കെയറിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഖണ്ഡിക 2.6.5 പ്രകാരം ഹോംകെയർ ടീമിന് പരമാവധി ആറുപേർക്ക് ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ്, ഹോംകെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം 80/-രൂപ എന്ന നിരക്കിൽ അനുവദിക്കാവുന്നതും പി.എം.സി യുടെ തീരുമാന പ്രകാരം നൽകാവുന്നതുമാണ്.

എന്നാൽ ഹോംകെയറിന് പോയവർക്ക് ഭക്ഷണച്ചെലവിന് പരിധിയെ അധികരിച്ച് തുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹോം കെയർ നടത്തിയ തീയതി (ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം) | ടീമംഗങ്ങളുടെ എണ്ണം | ഭക്ഷണത്തിനായി അനുവദിച്ച തുക | അനുവദനീയമായ തുക (ഒരാൾക്ക് ഒരു ദിവസം 80/-രൂപ നിരക്കിൽ) | അധികം നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 01.04.2019 | 3 | 425 | 240 | 185 | Rs.109320/- 6/25.10.19 |
| 04.04.2019 | 3 | 400 | 240 | 160 | |
| 05.04.2019 | 3 | 395 | 240 | 155 | |
| 08.04.2019 | 4 | 425 | 320 | 105 | |
| 09.04.2019 | 4 | 450 | 320 | 130 | |
| 12.04.2019 | 3 | 465 | 240 | 225 | |
| 16.04.2019 | 4 | 435 | 320 | 115 | |
| 18.04.2019 | 3 | 420 | 240 | 180 | |
| 20.04.2019 | 3 | 400 | 240 | 160 | |
| 22.04.2019 | 4 | 385 | 320 | 65 | |
| 23.04.2019 | 3 | 390 | 240 | 150 | |
| 25.04.2019 | 3 | 400 | 240 | 160 | |
| 02.05.2019 | 2 | 425 | 160 | 265 | |
| 03.05.2019 | 4 | 440 | 320 | 120 | |
| 04.05.2019 | 3 | 460 | 240 | 220 | |
| 07.05.2019 | 5 | 450 | 400 | 50 | |
| 10.05.2019 | 5 | 450 | 400 | 50 | |
| 13.05.2019 | 5 | 415 | 400 | 15 | |
| 14.05.2019 | 4 | 415 | 320 | 95 | |
| 16.05.2019 | 4 | 435 | 320 | 115 | |
| 20.05.2019 | 5 | 415 | 400 | 15 | |
| 21.05.2019 | 3 | 420 | 240 | 180 | |
| 24.05.2019 | 4 | 400 | 320 | 80 | |
| 27.05.2019 | 3 | 465 | 240 | 225 | |

| | | | | | |
|---|---|---|---|---|---|
| 28.05.2019 | 3 | 415 | 240 | 175 | |
| 30.05.2019 | 3 | 440 | 240 | 200 | |
| 10.06.2019 | 5 | 470 | 400 | 70 | |
| 12.06.2019 | 4 | 420 | 320 | 100 | |
| 13.06.2019 | 4 | 425 | 320 | 105 | |
| 14.06.2019 | 4 | 465 | 320 | 145 | |
| 15.06.2019 | 5 | 450 | 400 | 50 | |
| 17.06.2019 | 5 | 455 | 400 | 55 | |
| 18.06.2019 | 4 | 460 | 320 | 140 | |
| 19.06.2019 | 4 | 425 | 320 | 105 | |
| 20.06.2019 | 3 | 420 | 240 | 180 | |
| 21.06.2019 | 3 | 440 | 240 | 200 | |
| 24.06.2019 | 5 | 450 | 400 | 50 | |
| 25.06.2019 | 4 | 465 | 320 | 145 | |
| 27.06.2019 | 4 | 435 | 320 | 115 | |
| 28.06.2019 | 4 | 440 | 320 | 120 | |
| 02.07.2019 | 4 | 470 | 320 | 150 | |
| 05.07.2019 | 2 | 450 | 160 | 290 | |
| 09.07.2019 | 5 | 445 | 400 | 45 | |
| 10.07.2019 | 5 | 450 | 400 | 50 | |
| 11.07.2019 | 5 | 455 | 400 | 55 | |
| 12.07.2019 | 4 | 435 | 320 | 115 | |
| 13.07.2019 | 3 | 415 | 240 | 175 | |
| 17.07.2019 | 4 | 420 | 320 | 100 | |
| 18.07.2019 | 5 | 425 | 400 | 25 | |
| 22.07.2019 | 4 | 450 | 320 | 130 | |
| 23.07.2019 | 4 | 440 | 320 | 120 | |
| 25.07.2019 | 5 | 465 | 400 | 65 | |
| 05.08.2019 | 4 | 440 | 320 | 120 | |
| 05.08.2019 | 4 | 440 | 320 | 120 | |
| 05.08.2019 | 4 | 440 | 320 | 120 | |
| 06.08.2019 | 3 | 450 | 240 | 210 | |
| 13.08.2019 | 4 | 415 | 320 | 95 | |
| 17.08.2019 | 3 | 425 | 240 | 185 | |
| 20.08.2019 | 3 | 430 | 240 | 190 | |
| 24.08.2019 | 4 | 450 | 320 | 130 | |
| 26.08.2019 | 5 | 425 | 400 | 25 | |
| 27.08.2019 | 5 | 435 | 400 | 35 | |
| 29.08.2019 | 5 | 450 | 400 | 50 | |
| 22.10.2019 | 3 | 400 | 240 | 160 | Rs.39215/- 10/31.01.20 |
| 25.10.2019 | 4 | 400 | 320 | 80 | |
| 26.10.2019 | 4 | 390 | 320 | 70 | |
| 02.11.2019 | 3 | 320 | 240 | 80 | |
| 04.11.2019 | 3 | 400 | 240 | 160 | |
| 05.11.2019 | 3 | 400 | 240 | 160 | |
| 07.11.2019 | 3 | 450 | 240 | 210 | |
| 09.11.2019 | 5 | 460 | 400 | 60 | |
| 11.11.2019 | 3 | 320 | 240 | 80 | |

| | | | | | |
|---|---|---|---|---|---|
| 12.11.2019 | 4 | 400 | 320 | 80 | |
| 13.11.2019 | 4 | 400 | 320 | 80 | |
| 15.11.2019 | 3 | 320 | 240 | 80 | |
| 19.11.2019 | 4 | 400 | 320 | 80 | |
| 20.11.2019 | 4 | 400 | 320 | 80 | |
| 21.11.2019 | 4 | 400 | 320 | 80 | |
| 23.11.2019 | 3 | 400 | 240 | 160 | |
| 05.12.2019 | 4 | 460 | 320 | 140 | |
| 07.12.2019 | 3 | 400 | 240 | 160 | |
| 09.12.2019 | 5 | 440 | 400 | 40 | |
| 08.12.2019 | 3 | 420 | 240 | 180 | |
| 12.12.2019 | 2 | 400 | 160 | 240 | |
| 13.12.2019 | 3 | 400 | 240 | 160 | |
| 16.12.2019 | 3 | 360 | 240 | 120 | |
| 17.12.2019 | 4 | 440 | 320 | 120 | |
| 21.12.2019 | 3 | 400 | 240 | 160 | |
| 04.01.2020 | 3 | 400 | 240 | 160 | |
| 06.01.2020 | 4 | 420 | 320 | 100 | |
| 07.01.2020 | 3 | 400 | 240 | 160 | |
| 08.01.2020 | 3 | 380 | 240 | 140 | |
| 11.01.2020 | 3 | 420 | 240 | 180 | |
| 10.01.2020 | 3 | 400 | 240 | 160 | |
| 14.01.2020 | 4 | 380 | 320 | 60 | |
| 23.01.2020 | 3 | 380 | 240 | 140 | |
| 18.01.2020 | 4 | 440 | 320 | 120 | |
| 27.01.2020 | 3 | 400 | 240 | 160 | |
| 04.02.2020 | 4 | 450 | 320 | 130 | Rs.44770/-<br>Bill No.13/25.03.2020 |
| 05.02.2020 | 3 | 460 | 240 | 220 | |
| 17.02.2020 | 3 | 380 | 240 | 140 | |
| 18.02.2020 | 2 | 450 | 160 | 290 | |
| 21.02.2020 | 3 | 440 | 240 | 200 | |
| ആകെ | | | | 13035 | |

(2) ഹോംകെയറിന് പോകാത്ത ദിവസങ്ങളിലും ബില്ലുകൾ ഉപയോഗിച്ച് ഭക്ഷണചെലവിനായി തുക അനുവദിച്ചിരിക്കുന്നു.

| തീയതി | ഭക്ഷണത്തിനായി അനുവദിച്ച തുക | ബിൽ നം / തീയതി | കുറിപ്പ് |
|---|---|---|---|
| 04.06.19 മുതൽ 17.10.19 വരെയുള്ള തീയതികളിൽ ഹോംകെയർ നടത്തിയിട്ടില്ല . | 7,270/- | Rs.39,215/-<br>10/31.01.20 | ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം ഈ ദിവസങ്ങളിൽ ഹോം കെയർ നടത്തിയിട്ടില്ല |
| 08.02.20 മുതൽ 15.02.20 വരെയുള്ള തീയതികളിൽ ഹോംകെയർ നടത്തിയിട്ടില്ല . | 2,950/- | Rs.44,770/-<br>Bill No. 13/25.03.20 | ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം ഈ ദിവസങ്ങളിൽ ഹോം കെയർ നടത്തിയിട്ടില്ല |
| ആകെ | 10,220/- | | |

ഇപ്രകാരം മാർഗരേഖയ്ക്ക് വിരുദ്ധമായും, പോകാത്ത ദിവസങ്ങളിൽ ബില്ലുകൾ ഹാജരാക്കിയും പിൻവലിച്ച തുക 23,255/-രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-28 ചെലവുരേഖകൾ ഹാജരാക്കിയില്ല- 2,44,57,013/- രൂപ തടസ്സപ്പെടുത്തുന്നു

2019-20 സാമ്പത്തിക വർഷം വി ഇ ഒ (എ സർക്കിൾ, ബി സർക്കിൾ) നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ട് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് (സുലേഖപ്രകാരം) |
|---|---|---|
| പി.എം .എ.വൈ പദ്ധതിയ്ക്ക് വിഹിതം നൽകൽ (42/19) | 1,50,000/- (വികസന ഫണ്ട് ജനറൽ) | 1,50,000/- |
| വീട് വാസയോഗ്യമാക്കൽ (43/19) | 8,00,000/- (വികസന ഫണ്ട് ജനറൽ) 7,50,000/- (തനത് ഫണ്ട്) | 9,50,000/- |
| ലൈഫ്ഭവന പദ്ധതി (31/19) | 24,46,800/- (വികസന ഫണ്ട് ജനറൽ) 1,20,00,000/- (സംസ്ഥാനാവിഷ്കൃതഫണ്ട്) 10,00,000/- (ബ്ലോക്ക് വിഹിതം) 10,00,000/- (ജില്ലാ വിഹിതം) 1,64,00,000 (മറ്റുള്ളവ) | 1,82,22,013/- |
| ലൈഫ് ഭവനപദ്ധതി -എസ് സി 34/19 | 20,28,400/- (വികസന. എസ് സി പി) 5,00,000/- (ബ്ലോക്ക് വിഹിതം) 5,00,000/- (ജില്ലാ വിഹിതം ) | 22,60,000/- |
| പി.എം.എ.വൈ പദ്ധതിയ്ക്ക് വിഹിതം നൽകൽ (എസ് സി) 35/19 | 7,00,000/- (വികസന ഫണ്ട് എസ് സി പി) | 7,00,000/- |
| വീട് വാസയോഗ്യമാക്കൽ (എസ് സി 39/20) | 30,00,000/- (വികസന ഫണ്ട് എസ് സി പി) | 15,00,000/- |
| വീട് വാസയോഗ്യമാക്കൽ (എസ് സി 123/19) (സ്പിൽ ഓവർ) | 6,75,000/- (വികസന ഫണ്ട് എസ് സി പി) | 6,75,000/- |
| ആകെ | | 2,44,57,013/- |

രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവുതുക 2,44,57,013/- തടസ്സപ്പെടുത്തുന്നു.

## 1-29 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയില്ല. 204460/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - 17/20 (മാലിന്യ പകർച്ചവ്യാധി നിയന്ത്രണ പരിപാടി)

അടങ്കൽ - 2,50,000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്)

ചെലവ് - Rs.2,04,460/- (Bill No 11/28.02.20,Rs.27,500 /-

Bill No9/31.01.20,Rs.97,000/-

Bill No 5/27.09.19, Rs.79,960/- )

നിർവഹണഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

പഞ്ചായത്ത് പരിധിയിലെ വാർഡുകളിൽ മാലിന്യ പകർച്ചവ്യാധി നിയന്ത്രണത്തിനായി ശുചീകരണ പ്രവർത്തികൾ ചെയ്തതിന് കൂലിയായി വിവിധ വ്യക്തികളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് 2,04,460/- രൂപ ട്രഷറിബിൽ മുഖേന ക്രഡിറ്റ്ചെയ്തിരിക്കുന്നു. എന്നാൽ യഥാർത്ഥ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളാണോ ട്രഷറി ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നത് പരിശോധിക്കാനാവശ്യമായ രേഖകൾ (പാസ് ബുക്കിന്റെ പകർപ്പ്) ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല.ആയവ ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/31.3.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണവും മതിയായ രേഖകളും ഹാജരാക്കാത്തതിനാൽ 2,04,460/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പദ്ധതി - 37/19-20

ചെലവ് - 3,12,500/- (വികസന ഫണ്ട്)

ബിൽ നമ്പർ,തിയ്യതി– 1103, 26/10/2019

മൃഗസംരക്ഷണ വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി 3,12,500/- രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായ 3,12,500/- രൂപയുൾപ്പെടെ യുള്ള 6,25,000/- രൂപയിൽ 3,12,500/- രൂപ മാത്രമാണ് 18.01.2020വരെ വിനിയോഗിച്ചിട്ടുള്ളത്. 3,12,500 /- രൂപ വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (9/25.3.2021) ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3,12,500/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരവും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്തതുമായ 19 സ്പിൽ ഓവർ പദ്ധതികളിൽ 8 എണ്ണം മാത്രം നടപ്പാക്കി. നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് 10.03.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.4 ന് നൽകിയ മറുപടിയിൽ കരാറുകാർ യഥാസമയം കരാറിലേർപ്പെട്ട് പ്രവൃത്തികൾ നടപ്പാക്കിയില്ല എന്നും സാമ്പത്തികാവസാനം പൂർത്തീകരിച്ച പ്രവൃത്തികൾ ക്യൂബില്ലിൽ ഉൾപ്പെട്ടതായും അറിയിച്ചു. പൂർത്തീകരിച്ച പദ്ധതികൾക്ക് വികസന ഫണ്ട് ലഭ്യമല്ലാത്തതിനാൽ അലോട്ടമെന്റിന് അയയ്ക്കാൻ സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല 2019-20 ൽ നടപ്പാക്കുന്നതിന് 118 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 41 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയം പരിശോധിച്ച് യഥാസമയം പദ്ധതികൾ പൂർത്തീകരിച്ച് പഞ്ചായത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 1-32 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ജില്ലാ ബ്ലോക്ക് പഞ്ചായത്ത്

വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരികെ അടവാക്കിയിട്ടില്ല.

ജി.ഒ(പി) നം 7/2017ധന/തിരു തീയതി 23.01.2017 ലെ ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്ന പക്ഷം സാമ്പത്തിക വർഷാവസാനം അവ അനുവദിച്ച തദ്ദേശസ്ഥാപനത്തിൽ തിരികെ ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

ധനകാര്യപത്രിക ബി4 പ്രകാരം ബ്ലോക്ക്, ജില്ലാ വിഹിതത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayats | 4,63,800/- |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) From District Panchayats | 1,43,384/- |

നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത ഉറപ്പാക്കി തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഇ.എം.എസ് വായ്പാ തുക അടവാക്കിയില്ല, ലോൺരജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2018-19, 2019-2020 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രിക പ്രകാരം ഇ.എം.എസ് ലോണിനത്തിൽ (ബി-5 ഹെഡ്കോഡ് 330500102 Secure Loan From Co Op Banks) 8,84,944/- രൂപ കുടിശ്ശികയുണ്ട്. ലോൺ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.8/2.03.2021).

## 1-34 മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം - പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം 124/2020 (സ്പിൽ ഓവർ)

അടങ്കൽ തുക – 11,65,178/- (സി എഫ് സി ഗ്രാന്റ്)

2,50,000/- (ശുചിത്വ മിഷൻ ഫണ്ട്)

ചെലവ് തുക – 4,81,446/- (ബിൽ നം 31/19-20, 13.3.2020)

4,00,000/- (ബിൽ നം 32/19-20, 13.3.2020)

1,04,928/- (ബിൽ നം 7/19-20, 07.06.2019)

ആകെ 9,86,374/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്റർ നിർമ്മാണത്തിനായി 2018-19 ൽ രൂപീകരിച്ച പ്രോജക്റ്റ് നിർവ്വഹണത്തിന് മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അഞ്ചാം വാർഡിലെ കാക്കത്തോട്ടം എന്ന സ്ഥലത്ത് പ്രസ്തുത സെന്റർ നിർമ്മാണം ആരംഭിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പ് മൂലം പണി നിർത്തിവയ്ക്കുകയും നിലവിലുള്ള പഞ്ചായത്ത് ഓഫീസിന് പുറകിലുള്ള പുതിയ ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നിലയിൽ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്റർ നിർമ്മിക്കുന്നതിന് 10.12.2018 ലെ ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തു. സ്ഥലവും സ്വഭാവവും മാറിയതിനാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ അസൗകര്യം അറിയിച്ചതിനെത്തുടർന്ന് തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി കരാറിലേർപ്പെട്ട് (ഒന്നാം കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 21.2.2019 ലെ ഭരണസമിതി തീരുമാനം എടുത്തു. 2018-19 ലെ പദ്ധതി രൂപീകരണത്തിനായി 14.2.2018 ൽ കൂടിയ അഞ്ചാം വാർഡിലെ ഗ്രാമസഭ യോഗത്തിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലും ഈ വിഷയം സംബന്ധിച്ച ചർച്ച നടന്നിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

2. മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്റർ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിലേയ്ക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വലതു വശം ചേർന്ന് ഏകദേശം ഒരു മീറ്റർ മാത്രം വഴിസൗകര്യമാണ് നിലവിലുള്ളത്. പ്രധാന വഴിയിൽ നിന്നും ഈ കെട്ടിടത്തിലേയ്ക്ക് അജൈവ മാലിന്യങ്ങൾ എത്തിക്കുന്നതിന് യാതൊരു സംവിധാനവും നിലവിലില്ലാത്ത സാഹചര്യത്തിൽ ആയത് വേർതിരിച്ച് സംസ്കരിക്കുന്നതിനും സാധ്യമാകുന്നതല്ല. കെട്ടിടത്തിന്റെ ഒന്നും, രണ്ടും നിലകളിൽ എ ഇ, എൻ ആർ ഇ ജി എസ് ഓഫീസുകൾ പ്രവർത്തിച്ച് വരുന്നു. ഈ സാഹചര്യത്തിൽ വഴി സൗകര്യം ഇല്ലാത്ത കെട്ടിടത്തിന്റെ മൂന്നാമത്തെ നിലയിൽ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്റർ പ്രവർത്തിക്കുന്നത് പ്രായോഗികമല്ല എന്നത് വസ്തുതയാണ്. ഈ വിഷയങ്ങൾ പരിഗണിക്കാതെ നിർമ്മാണത്തിന് ഭരണസമിതി അംഗീകാരം നൽകുകയായിരുന്നു.

3. മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സാങ്കേതിക സഹായം തേടുന്നതിന് സ.ഉ(കൈ)നം 11/2018/ തസ്വഭവ തീയതി 20-01-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.1.6(സി) ൽ നിർദേശിച്ചിട്ടുള്ളതാണ്. ഇപ്രകാരം സാങ്കേതിക സഹായം ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

4. മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്ററിനായി നിർമ്മിച്ച ഹാളിന് ഏകദേശം 75.6m2 വിസ്തീർണ്ണമുള്ളതും തറയും ചുമരുകളും ടൈൽസ് പാകിയിട്ടുള്ളതും രണ്ട് ബാത്ത്റൂം അറ്റാച്ച് ചെയ്തിട്ടുള്ളതുമാണ്. കോൺഫറൻസ് ഹാളിന്റെ രീതിയിൽ നിർമ്മിച്ചിരിക്കുന്ന ഈ സ്ഥലം അജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് അനുയോജ്യമല്ലാത്തതുമാണ്.

സി എഫ് സി ഗ്രാന്റ്, ശുചിത്വ മിഷൻ ഫണ്ട് എന്നിവ ഉപയോഗിച്ച് മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്ററിനായി നിർമ്മിച്ച സ്ഥലത്ത് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/30.3.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്റർ നിർമ്മാണത്തിന് വിനിയോഗിച്ച 986374/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കൽ - 1,83,459/- രൂപയുടെ അധികച്ചെലവ്

പ്രോജക്ട് നം. 16/20 തീരമേഖലയിലെ ഹൈമാസ്റ്റ് പ്രവർത്തനക്ഷമമാക്കൽ

അടങ്കൽ തുക - 4,00,000/- ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവു തുക - 3,86,436/-

ബിൽ നം. - 39/05.11.2019

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുപയോഗിച്ച് സ്ഥാപിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറപ്പെടുന്ന ഹൈമാസ്റ്റ് ലൈറ്റുകളുടെ വൈദ്യുതകരം ഒടുക്കൽ, പരിപാലനം എന്നിവക്കായി ഗ്രാമപഞ്ചായത്ത് കരാർ ചമക്കേണ്ടതുണ്ട്. കൂടാതെ സ്ഥാപിക്കപ്പെടുന്ന ഹൈമാസ്റ്റ് ലൈറ്റുകൾക്ക് 3 വർഷ വാറന്റിയും, തുടർന്ന് 3വർഷത്തെ വാർഷിക അറ്റകുറ്റപ്പണികളും നിർവഹിക്കേണ്ടത് പ്രസ്തുത ലൈറ്റ് സ്ഥാപിക്കുന്ന ഏജൻസിയാണ്. ഗ്രാമപഞ്ചായത്ത് അറ്റകുറ്റപ്പണി നടത്തിയ ഹൈമാസ്റ്റ് ലൈറ്റുകൾ എവിടെയൊക്കെ സ്ഥാപിച്ചിട്ടുള്ളതാണെന്നോ, ഏതു ഫണ്ടുപയോഗിച്ച്, ഏതു ഏജൻസി, ഏതു കാലയളവിൽ സ്ഥാപിച്ചതാണെന്നോ വ്യക്തമല്ല. ഇവയുടെ പരിപാലനചുമതല ഏറ്റെടുത്തുകൊണ്ട് ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള കരാറും ലഭ്യമായില്ല.

2) ഹൈമാസ്റ്റുകൾ പ്രവർത്തനക്ഷമമാക്കിയതു സംബന്ധിച്ച് കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

3) പ്രവൃത്തിക്കായി ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ 3,90,000/- രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുകയും, ഗ്രാമപഞ്ചായത്ത് 14.06.2019 തീയതിയിൽ ദർഘാസ് പരസ്യം പുറപ്പെടുവിക്കുകയും ചെയ്തു. ഇതിൽ ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 05.07.2019 എന്നും, ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്ന തീയതി 06.07.2019 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ പരസ്യം 19.06.2019 തീയതിയിൽ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ലഭ്യമായ രണ്ടു ടെണ്ടറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. (ടെണ്ടർ രജിസ്റ്റർ ലഭ്യമായില്ല).

| ടെണ്ടററുടെ പേര് | ടെണ്ടർ ചെയ്ത തുക |
|---|---|
| സുരേഷ് റ്റി., കോതവിളാകം, കാക്കവിള | 2,64,684/- |
| താഹ എച്ച്, റേഡിയന്റ് ഇലക്ട്രിക്കൽസ്, റെയിൽവേ സ്റ്റേഷൻ റോഡ്, കണിയാപുരം | 1,90,110/- |

മേൽ ടെണ്ടറുകൾ പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. തുടർന്ന്, ഭരണസമിതിയുടെ 11.07.2019 തീയതിയിലെ 1(4) തീരുമാനത്തിൽ ടെണ്ടർ പരസ്യത്തിൽ ടെണ്ടർ തുറക്കുന്ന സമയം വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ റീ ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ ഇതനുസരിച്ച് തയ്യാറാക്കിയ റീടെണ്ടർ നോട്ടീസ്, നോട്ടീസ് പരസ്യപ്പെടുത്തിയതിനുള്ള രേഖകൾ/വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തതിനുള്ള രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) പർച്ചേസ് കമ്മിറ്റിയുടെ 01.08.2019 തീയതിയിലെ യോഗത്തിൽ പ്രവൃത്തിക്കായി ചുവടെ ചേർക്കും പ്രകാരം രണ്ടു ടെണ്ടറുകൾ ലഭിച്ചതായും കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ ആളുടെ ടെണ്ടർ അംഗീകരിക്കുന്നതിന് ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

| ടെണ്ടററുടെ പേര് | ടെണ്ടർ ചെയ്ത തുക |
|---|---|
| സുരേഷ് റ്റി., കോതവിളാകം, കാക്കവിള | 3,90,000/- (എസ്റ്റിമേറ്റ് നിരക്ക്) |
| താഹ എച്ച്, റേഡിയന്റ് ഇലക്ട്രിക്കൽസ്, റെയിൽവേ സ്റ്റേഷൻ റോഡ്, കണിയാപുരം | എസ്റ്റിമേറ്റിലും 20% അധിക നിരക്ക് |

5) ഒരേ പ്രവൃത്തിക്കായി ഒരേ ടെണ്ടറർമാർ ഒരു മാസകാലയളവിനുള്ളിൽ നൽകിയ ടെണ്ടർ, റീടെണ്ടർ ക്വട്ടേഷനുകളിൽ ഭീമമായ വ്യത്യാസം വന്നത് പർച്ചേസ് കമ്മിറ്റിയും ഭരണസമിതിയും പരിശോധിക്കാതെ തീരുമാനങ്ങൾ സ്വീകരിക്കുകയും, 05.08.2019 തീയതിയിലെ ഭരണസമിതിയോഗം നമ്പർ 1(2) തീരുമാനത്തിലൂടെ ശ്രീ. സുരേഷ് റ്റി. യുടെ എസ്റ്റിമേറ്റ് നിരക്കിലെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു.

6) റീടെണ്ടറുകൾ പരിശോധിച്ചതിൽ ശ്രീ. താഹ എച്ച് സമർപ്പിച്ചിട്ടുള്ള റീടെണ്ടറിൽ ടിയാളുടെ ഇലക്ട്രിക്കൽ ലൈസൻസ് രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, ടിയാളിൽ നിന്നും ഇ.എം.ഡി. യും ഈടാക്കാത്തതായി കാണുന്നു. ടെണ്ടർ ഫോറത്തിൽ ശ്രീ. താഹ ഒപ്പു വച്ചിട്ടില്ല. ടിയാൾ റീ ടെണ്ടർ ക്വട്ടേഷനൊപ്പം സമർപ്പിച്ചിട്ടുള്ള പ്രാഥമിക കരാറിൽ ഒപ്പു വച്ചിട്ടുള്ളത് ശ്രീ. സുരേഷ് റ്റി ആണ്. അതായത് റീടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ രണ്ടു ടെണ്ടറുകളും ശ്രീ. സുരേഷ് റ്റി ലഭ്യമാക്കിയതാണ്.

7) പ്രവൃത്തിയുടെ എംബുക്കിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

8) തയ്യാറാക്കിയ എസ്റ്റിമേറ്റിലും അധിക അളവിലും, അധിക ഇനങ്ങളും ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചത് എങ്കിലും ഇതിലേക്കായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം നേടിയിട്ടില്ല.

9) പദ്ധതിക്കായി കുറഞ്ഞ നിരക്കിൽ ലഭ്യമായ ടെണ്ടർ പരിഗണിക്കാത്തതിനാലുണ്ടായ അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്പെസിഫിക്കേഷൻ | എസ്റ്റിമേറ്റ് നിരക്കുകൾ | | | കരാറുകാരന് ബിൽപ്രകാരം അനുവദിച്ച തുക | | താഹ എച്ച്, റേഡിയന്റ് ഇലക്ട്രിക്കൽസ് സമർപ്പിച്ച നിരക്കുകൾ |
|---|---|---|---|---|---|---|---|
| | | Qty | Rate | Amt | Qty | Amt | Amt |
| 1 | Supply, Conveyance, Installation,Testing And Commissioning Of 400W LED Flood Light Luminaire ........ | 8 | 33214 | 265712 | 8 | 265712 | 125000 |
| 2 | Supply And Wiring With 650/1100V Grade PVC Insulated Stranded Single Core Copper Conductor.... | | | | | | |
| A | 4.00sq Mm Single Run Without Sockets.. | 8 | 73 | 584 | 10 | 730 | 350 |
| 3 | Supply And Drawing The Foloowing Sixes Of Multi Core PVC Insulated &PVC Sheatherd 650/1100V Grade Copper Conductor | | | | | | |
| A | 4 Core 2.50 Sq Mm | 60 | 142 | 8520 | 80 | 11360 | 8000 |
| 4 | Supply And Drawing PVC Insulated & | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | Sheathed Armoured Aluminium Power Cable Of 1.1KV.... | | | | | | |
| A | 3 Core 4 Sqmm | 80 | 136 | 10880 | 80 | 10880 | 800 |
| 5 | Supplying Laying And Jointing Of The Foloowing Sizes Of DWC Pipes Made Out Of HDPE Foncorming To IS 14930 Part II... | | | | | | |
| A | 40/32 Mm Or Nearest Size | 60 | 122 | 7320 | 60 | 7320 | 6000 |
| 6 | Supply Conveyance Laying Testing And Commissioning Of 6mm Dia SS Wire Rope | 2 | 9888 | 19776 | 2 | 19776 | 16000 |
| 7 | Supply Conveyance Laying Testing And Commissioning Of 6mm Dia SS Wire Roap | 15 | 231 | 3465 | 22 | 5082 | 4400 |
| 8 | Fabrication Supply & Installation Of Dust And Vermin Proof, Wall Mounting, Thermo Plastic Meter Box Of Following Size... | | | | | | |
| A | 450x300x214mm | 2 | 5221 | 10442 | 2 | 10442 | 850 |
| 9 | Supply And Fixing The Following In The Existing Enclosure And Giving Connections... | | | | | | |
| A | 25A, 2 Pole, AC1 Rated Power Contactor With 1NO=1NC Auxiliary Contacts & With AC Coil | 2 | 1159 | 2318 | 2 | 2318 | 1600 |
| B | 24 Hours Analog Timer For Operating | 2 | 2401 | 4802 | 2 | 4802 | 2080 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Automatic ON-OFF Function | | | | | | |
